## മുഖ്യ നഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം : നഗര-ഗ്രാമാസൂത്രണ വകുപ്പ് – മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം – സാങ്കേതിക വിഭാഗം – കോട്ടയം ജില്ല – രാമപുരം ഗ്രാമപഞ്ചായത്ത് – രാമപുരം വില്ലേജ് – **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മാണം – ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. രാമപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.8.19,14.8.19 ലെ എ 2/4398/19 നമ്പർ കത്തുകൾ

2. കോട്ടയം ടൗൺ പ്ലാനറുടെ 08/11//19–ലെ TCPKTM/1418/2019–C നമ്പർ കത്ത്.

---

കെട്ടിട നിമ്മാണ അപേക്ഷ വിഭാഗം.

ഉത്തരവ് നം. : **TCPCTP/2764/2019–C3** തീയതി : **05/12/2019**

---

കോട്ടയം ജില്ലയിലെ രാമപുരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള രാമപുരം വില്ലേജിൽ റീ സർവ്വേ നമ്പർ 377/4–1 ൽ ഉൾപ്പെട്ട 1145 $m^2$ സ്ഥലത്ത് സെയിൽസ് ബിൽഡിംഗ് 43 $m^2$ കനോപ്പി 204 $m^2$ ഉൾപ്പെടെ 247 $m^2$ വിസ്തീർണ്ണം വരുന്ന **പെട്രോൾഫില്ലിംഗ്സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. സുശീൽ തോമസ്**, മാടപ്പാട്ട്, രാമപുരം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ. 2011–നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. കെ.പി.ബി.ആർ. 2011 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീസർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഉറപ്പു വരുത്തണം.
2. കെ.പി.ബി.ആർ – 2011 ചട്ടം 61 (6) പ്രകാരം അഗ്നി സുരക്ഷാ സർവ്വീസസിൽ നിന്നുള്ള അനുമതി ആവശ്യമാണ്.
3. ചട്ടം 61 (7) പ്രകാരം അഗ്നി സുരക്ഷാ സംബന്ധിച്ച എല്ലാ ആവശ്യങ്ങളും NBC – യ്ക്ക് അനുസൃതമായിരിക്കണം.
4. ചട്ടം 61 (10) പ്രകാരം പെട്രോൾ ടാങ്കുകളുടെയും വെന്റ് പൈപ്പുകളുടെയും സ്ഥാനവും നിർമ്മാണവും 1976 ലെ പെട്രോളിയം ചട്ടങ്ങൾക്കനുസൃതമായിരിക്കണം.

5. ചട്ടം 61 (16) പ്രകാരം ദ്രവ മാലിന്യ നിർമ്മാർജ്ജന സംവിധാനം ഉൾപ്പെടുത്തണം.
6. ചട്ടം 61 (17) പ്രകാരം മലിനജല പുനചംക്രമണ - പുനരുപയോഗ സംവിധാനം ഉൾപ്പെടുത്തണം.
7. കെ.പി.ബി.ആർ 2011 61 (9) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പര് **158/2019** ഇതോടൊപ്പം ചേർക്കുന്നു.</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരുസൈറ്റ് പ്ലാൻ

**ജയശ്രീ. പി.ആർ,**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
രാമപുരം ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്</u>

1) ശ്രീ. സുശീൽ തോമസ്, മാടപ്പാട്ട് ഹൗസ്,
   രാമപുരം (പി.ഒ) കോട്ടയം-686501
2) ടൗൺ പ്ലാനർ, കോട്ടയം.
3) വെബ് സൈറ്റ്.
4) കരുതൽ ഫയൽ.
5) അധികം.